**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 460** **16-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് സമ്പൂർണ്ണ ഭക്ഷ്യഭദ്രത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം നൗഷാദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമ്പൂർണ്ണ ഭക്ഷ്യഭദ്രത ലക്ഷ്യമാക്കി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; വിശദാംശം നൽകുമോ; | (എ) | **01.11.2016** മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ **ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013** അടിസ്ഥാനപ്പെടുത്തി, സമ്പൂർണ്ണ ഭക്ഷ്യഭദ്രത ലക്ഷ്യമാക്കി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.<br><br>1. വാതിൽപ്പടി വിതരണം 09.03.2017-ൽ കൊല്ലം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിക്കുകയും 01.06.2017 മുതൽ സംസ്ഥാനം മുഴുവൻ നടപ്പിലാക്കുകയും ചെയ്തു.<br><br>2. സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ നോഡൽ ഏജൻസിയായ സപ്ലൈകോ മുഖേന വാതിൽപ്പടി വിതരണം നടത്തി വരുന്നു.<br><br>3. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്ക് വേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>4. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും.<br><br>5. റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ പ്രതിമാസ വിഹിതം സംബന്ധിച്ച് കാർഡുടമകളുടെ മൊബൈൽ ഫോണിലേക്ക് എസ്.എം.എസ് നൽകി വരുന്നു.<br><br>6. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു. |

7. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

8. ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിച്ചു.

9. സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്റ്റ് തിരുവനന്തപുരം ജില്ലയിലെ CRO(North) ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി.

10. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു.

11. ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു.

12. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധന സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

13. ആദിവാസി ഊരുകളിലെ കാർഡ് ഉടമകൾക്ക് കൃത്യമായി അർഹതപ്പെട്ട ഭക്ഷ്യധാന്യം എത്തിക്കുന്നതിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെയുള്ള 10 ജില്ലകളിൽ സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു.

14. സപ്ലൈ ചെയിനിൽ കൂടുതൽ കാര്യക്ഷമതയും, സുതാര്യതയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി end to end computerisation പ്രോജക്റ്റ് നടപ്പിലാക്കി.

15. സംസ്ഥാനത്തെ 14000-ത്തിൽ അധികം വരുന്ന ന്യായ വില ഷോപ്പുകൾ നവീകരിക്കുന്നതിനായി ഒരു ലൈസൻസിക്ക് 2500/- രൂപ വീതം ധനസഹായം നൽകി.

16. റേഷൻ ഡീലേഴ്സിന്റെ മാർജിൻ കാലോചിതമായി പരിഷ്ക്കരിക്കുകയും മുടക്കം കൂടാതെ കൃത്യമായി വിതരണം നടത്തുകയും ചെയ്യുന്നു.

17. റേഷൻ വിതരണത്തിൽ ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി.

18. ‘One Nation One Ration Card’ പദ്ധതി നടപ്പാക്കി.

| | | | |
|---|---|---|---|
| | | | 19. ഇ-റേഷൻകാർഡ് നടപ്പാക്കി. |
| (ബി) | നൂറ് ശതമാനം റേഷൻ ഉപഭോക്താക്കളേയും ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ രാജ്യത്തെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | 26.09.2022 ൽ സംസ്ഥാനത്തെ ആകെ റേഷൻ ഉപഭോക്താക്കളായ 3,49,29,589 പേരുടേയും ആധാർ നമ്പർ റേഷൻ കാർഡ് ഡേറ്റയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം NFSA റേഷൻ ഉപഭോക്താക്കളുടെയും Non-NFSA റേഷൻ ഉപഭോക്താക്കളുടെയും ആധാർ നമ്പർ റേഷൻ കാർഡ് ഡാറ്റയുമായി ബന്ധിപ്പിച്ച ആദ്യത്തെ സംസ്ഥാനമാണ് കേരളം. |
| (സി) | അതിദരിദ്രരായി കണ്ടെത്തിയവരിൽ റേഷൻ കാർഡ് ഇല്ലാത്തവർക്ക് കാർഡ് നൽകാനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; മൂന്നാം നൂറ് ദിന പരിപാടികളുടെ ഭാഗമായുള്ള കാർഡ് വിതരണം പൂർത്തിയാകുന്നതോടെ ഇവർക്ക് എല്ലാവർക്കും മുൻഗണനാ കാർഡ് ഉറപ്പുവരുത്താൻ കഴിയുമോ; വിശദമാക്കാമോ? | (സി) | ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി,<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് റേഷൻകാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിനും<br><br>മുൻഗണനാ പരിധിയിൽ ഉൾപ്പെടാൻ അർഹതയുണ്ടായിട്ടും മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് ആയത് മാറ്റി നൽകുന്നതിനും<br><br>അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ യോഗ്യമായ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് ലഭ്യമാക്കുന്നതിനും<br><br>നടപടി സ്വീകരിച്ചു വരുന്നു.<br><br>തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആകെ **7316** പേരിൽ **2428** പേർ ആധാർ ഉള്ളവരും **4888** പേർ ആധാർ ഇല്ലാത്തവരുമാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ആധാർ ഇല്ലാത്തവർക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ആധാർ കാർഡുള്ളവർക്ക് റേഷൻകാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. അതുപ്രകാരം പട്ടികയിൽ ഉൾപ്പെട്ട **5001** പേർക്ക് കാർഡ് നൽകുകയും അതിൽ **2558** എണ്ണം മുൻഗണനയിലേക്ക് മാറ്റി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്.<br><br>അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ആധാർ കാർഡ് ഇല്ലാത്തവർ, തദ്ദേശസ്വയംഭരണ വകുപ്പിന് തിരിച്ചറിയാൻ കഴിയാത്തവർ/ വിവരങ്ങൾ ലഭ്യമല്ലാത്തവർ, മരണപ്പെട്ടവർ, നിലവിലെ അഡ്രസ്സിൽ താമസമില്ലാത്തവർ, നിലവിൽ വെൽഫെയർ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവർ, തെറ്റായ ആധാർ നമ്പർ ഉള്ളവർ, മറ്റ് സംസ്ഥാനങ്ങളിലേക്ക് സ്ഥലം മാറിപ്പോയവർ, 18 |

| | | | |
|---|---|---|---|
| | | | വയസ്സിനു താഴെയുള്ളവർ, മറ്റ് താലൂക്കുകളിൽ കാർഡുള്ളവർ, പഞ്ചായത്ത് ലിസ്റ്റിൽ നിന്നും പേര് ഒഴിവാക്കിയവർ, കടുത്ത മാനസിക രോഗത്താൽ റേഷൻകാർഡ് വേണ്ടെന്ന് അറിയിച്ചവർ എന്നിങ്ങനെയുള്ളവർക്കാണ് റേഷൻകാർഡ് നൽകാൻ അവശേഷിക്കുന്നത്. ഇതിൽ ആധാർ ഇല്ലാത്തവരെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ സെന്ററിന്റെയും സഹായത്തോടു കൂടി ആധാർ ലഭ്യമാക്കുന്നതിനും റേഷൻ കാർഡ് അനുവദിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ അതിദരിദ്രർക്കും റേഷൻകാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ